മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *211

## സാമൂഹ്യ വനവൽക്കരണ പദ്ധതി

(*211) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) സാമൂഹ്യ വനവൽക്കരണമെന്ന പേരിൽ അക്കേഷ്യ തുടങ്ങിയ പാഴ്മരങ്ങൾ വ്യാപകമായി നട്ടുപിടിപ്പിച്ചത് സംസ്ഥാനത്തിന്റെ പരിസ്ഥിതിയെയും ജൈവ സമ്പത്തിനെയും ഏതു തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടിയുണ്ടാകുമോ;

(സി) ഈ പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; ഫണ്ട് വിനിയോഗത്തെക്കുറിച്ച് പ്രത്യേകം പരിശോധന നടത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

സർ,

(എ) വനം വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യവനവൽക്കരണ പദ്ധതികളുടെ ഫലപ്രാപ്തി ക്രമമായ ഇടവേളകളിൽ അവലോകനം ചെയ്തുവരുന്നുണ്ട്.

(ബി) സാമൂഹ്യവനവൽക്കരണത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ അക്കേഷ്യ തുടങ്ങിയ മരങ്ങൾ അധികമായി വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിലും ഇവ പരിസ്ഥിതിയെയും ജൈവസമ്പത്തിനെയും ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശാസ്ത്രീയ പഠനങ്ങളിലൊന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ ഇപ്രകാരമുള്ള അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾക്ക് പകരം തദ്ദേശീയ ഫലവൃക്ഷങ്ങളും തടി ലഭ്യമാകുന്ന തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷത്തൈകളും മറ്റ് ഔഷധസസ്യങ്ങളുമാണ് വിതരണം ചെയ്ത് നട്ടുപിടിപ്പിച്ച് വരുന്നത്.

(സി) പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ പദ്ധതികളുടെ സാമ്പത്തിക ചെലവുകളും അതുവഴി കൈവരിച്ച ഭൗതിക നേട്ടങ്ങളും നിലവിലുള്ള വകുപ്പുതല സംവിധാനത്തിലും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് മുഖാന്തരവും പരിശോധനയ്ക്ക് വിധേയമാക്കി

വരുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, അക്കേഷ്യ മരങ്ങൾ നമ്മുടെ പരിസ്ഥിതിക്ക് ചേർന്നതല്ലായെന്ന് നിരവിധി റിപ്പോർട്ടുകൾ ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നതെന്ന് അറിയില്ല. ഏതായാലും സാമൂഹ്യ വനവൽക്കരണ പദ്ധതി നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. നമ്മുടെ പരിസ്ഥിതിക്കും നാടിനും ആവശ്യമായിട്ടുള്ള നിരവധി മേഖലകളിൽ സാമൂഹ്യ വനവൽക്കരണം പ്രായോഗികമാക്കാൻ കഴിയണം. നമ്മുടെ കടലോരങ്ങളിൽ ഇപ്പോൾ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. ശക്തമായിട്ടുള്ള തിര വരുമ്പോൾ നമ്മൾ വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ പലതും കടപുഴകി വീഴുകയാണ് എന്നതാണ് പ്രശ്നം. അപ്പോൾ നമ്മുടെ കടലോരങ്ങളിൽ വച്ചുപ്പിടിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഇനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കേരളത്തിലെ കടലോരങ്ങളിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കാൻ കഴിയുന്നില്ല. കായലോരങ്ങളിൽ മാത്രമാണ് പ്രധാനമായും അതിന് കഴിയുന്നത്. അതേസമയം ഒറീസ്സ പോലുള്ള സംസ്ഥാനങ്ങളിൽ കടലോരങ്ങളിൽ പ്രത്യേക ഇനം കണ്ടൽ ചെടികൾ ഉള്ളതായി പറയപ്പെടുന്നുണ്ട്. അതുകൊണ്ട് നമ്മുടെ കടലോരങ്ങളിൽ

കടലാക്രമണം തടയുന്നതിനുകൂടി സഹായകരമായ വിധത്തിൽ കേരളത്തിന് ചേർന്ന വിധത്തിലുള്ള കണ്ടൽ സ്പേഷ്യസ് കണ്ടെത്തി നട്ടുപിടിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. രാജു: സർ, കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് പ്രത്യേക പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അക്കേഷ്യ തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, ഇത് ജലചൂഷണം നടത്തുന്നുവെന്ന് നാട്ടിൽ ജനങ്ങളുടെ ഇടയിൽനിന്നും പരാതികളുണ്ടാകുന്നുണ്ട്. എങ്കിൽപ്പോലും പഠനത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ഒരു റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട് ലഭ്യമല്ല. എങ്കിലും സമൂഹത്തിന്റെ പൊതുവായ ഈ ആവശ്യം പരിഗണിച്ച് ഇപ്പോൾ അക്കേഷ്യ പോലെയുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് വനംവകുപ്പ് പ്രോത്സാഹിപ്പിക്കുന്നില്ല. പകരം തദ്ദേശീയമായ ആവശ്യങ്ങളുയർന്നുവരുന്നതുകൂടെ കണക്കാക്കി ഫലവൃക്ഷങ്ങളടക്കമുള്ള തൈകളാണ് വിതരണം നടത്തിവരുന്നത്. ഈ പറഞ്ഞ തീരപ്രദേശങ്ങളിലെ വനവൽക്കരണവുമായി ബന്ധപ്പെട്ടുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. ബിനോയ് വിശ്വം വനംവകുപ്പ് മന്ത്രിയായിരിക്കെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി ആരംഭിച്ചിരുന്നു. കേരളത്തിലെ എല്ലാ സ്കൂളുകളിലും കുട്ടികൾ മുഖേന വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും അത് നട്ടുപിടിപ്പിക്കുകയും ചെയ്യുന്ന ഒരു പദ്ധതി നല്ല നിലയിൽ സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ ഒരവലോകനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പദ്ധതിയായി ഇത് തുടരാൻ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. കെ. രാജു: സർ, വനം വകുപ്പ് 'ഹരിത കേരളം' എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നത് പൂർണ്ണമായും വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ട് അവരു വഴിയാണ്. സ്വകാര്യ കൈവശ സ്ഥലങ്ങളിൽക്കൂടി അത് ലഭ്യമാക്കുന്നതിനനുസരിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിച്ചുകൊണ്ട് 'ഹരിത കേരളം പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, റെയിൽവെ എന്നിവയിൽ ലഭ്യമായ സ്ഥലങ്ങളിലും പാതയോരങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടിയാണിത്. അതുപോലെതന്നെ 'എന്റെ മരം',

'നമ്മുടെ മരം', 'വഴിയോരത്തണൽ പദ്ധതി' എന്നിവയും നടപ്പാക്കുന്നുണ്ട്. അതിൽ 'വഴിയോരത്തണൽ പദ്ധതി' തൊഴിലാളികളെ ഉപയോഗിച്ച് ദേശീയപാതയുടെയും സംസ്ഥാന പാതകളുടെയും വശങ്ങളിൽ വീതിയുള്ള ഭാഗങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതാണ്. അത് പ്രധാനമായും തൊഴിലാളികളെ ഉദ്ദേശിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ 'എന്റെ മരം', 'നമ്മുടെ മരം' എന്നീ പദ്ധതികൾ സ്കൂൾ കുട്ടികളെ ഉദ്ദേശിച്ച് അവരിൽ അവബോധം വളർത്തിക്കൊണ്ട് അവർക്ക് തൈ വിതരണം ചെയ്തുകൊണ്ട് നടത്തുന്ന പദ്ധതികളാണ്. അതിന്റെ അവലോകനം നടത്തുന്നതിനായി സ്കൂൾ തലത്തിൽ കമ്മിറ്റികൾ വിഭാവനചെയ്തിട്ടുണ്ട്. ഈ പരിപാടികൾ കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ നടത്തുന്നതിനെ സംബന്ധിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, മരങ്ങൾ നട്ടുപിടിപ്പിക്കുക എന്നുള്ളതല്ല, മരങ്ങൾ നട്ടുവളർത്തുക എന്നുള്ളതാണ് സമൂഹം കൈവരിക്കേണ്ട ഉദ്ദേശ്യലക്ഷ്യം. അതുകൊണ്ട് ഇത്തരം തൈകൾ വിതരണം ചെയ്യുന്നതുകൊണ്ടുമാത്രം ഈ കേരള സമൂഹത്തിന് എന്തുപ്രയോജനമാണ് ഉണ്ടാകാൻ പോകുന്നത്?

<u>ശ്രീ. കെ. രാജു</u>: സർ, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രയോജനത്തെ സംബന്ധിച്ച് ഇത്തരമൊരു വേദിയിൽ പറയേണ്ട കാര്യമല്ല. ഇന്നത്തെ സമൂഹത്തിൽ എല്ലാവർക്കും അതുമായി ബന്ധപ്പെട്ട് ആവശ്യമായുള്ള അവബോധം ഉള്ളതാണ്. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നു...

<u>മി. സ്പീക്കർ</u>: വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് മാത്രമല്ല അവ വളർത്തുന്നുണ്ടോയെന്നത് വനംവകുപ്പ് ശ്രദ്ധിക്കുന്നുണ്ടോയെന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് തോന്നുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, നട്ടുപിടിപ്പിക്കുന്ന തൈകളെ സംരക്ഷിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. നട്ടുപിടിപ്പിക്കുകയെന്ന് പറയുമ്പോൾ സംരക്ഷിക്കുകയെന്നാണുദ്ദേശിക്കുന്നത്. അതുകൊണ്ട് വനംവകുപ്പ് ഇപ്പോൾ പ്രത്യേകമായി തൈകൾ വിതരണം ചെയ്യുന്നതിൽ മാത്രമല്ല വിതരണം ചെയ്യപ്പെടുന്ന തൈകൾ സംരക്ഷിച്ച് വളർത്തുന്നുണ്ടോയെന്നുള്ളതിനെ സംബന്ധിച്ചുള്ള പ്രത്യേക അവലോകനമാണ് നടത്തിവരുന്നത്. വിതരണത്തിനുവേണ്ടി തൈകൾ കൊണ്ടുപോകുന്ന ആളുകളെത്തന്നെ അത് ബോധ്യപ്പെടുത്തുന്നുണ്ട്. കൂടാതെ, ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നതിനും തയ്യാറാണ്. വനംവകുപ്പ് ഉദ്യോഗസ്ഥർ ചില

മേഖലകളിലൊക്കെ ക്ലാസ് എടുക്കുന്നുണ്ട്. ഇത് സംരക്ഷിച്ചു വളർത്തുകയെന്നുള്ളത് മൊത്തത്തിൽ ഒരു അവബോധത്തിന്റെ ആവശ്യമാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾക്ക് 50 പൈസയാണ് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് ഈടാക്കുന്നത്. എം.എൽ.എ.മാരൊക്കെ ആവശ്യപ്പെട്ട് കത്തുകൊടുത്തുകഴിഞ്ഞാൽ അത് സൗജന്യമായി കൊടുക്കാറുണ്ട്. എന്നാൽ വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികൾ ജില്ലയിൽ ഒന്നോ രണ്ടോ മാത്രമാണുള്ളത്. അവിടെനിന്നും ഈ തൈകൾ എടുത്ത് ജില്ലയിലെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നതിനുവേണ്ടിയുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജുകൂടി കണക്കിലെടുത്ത് ഈ തൈ വെറുതെ കൊടുത്താൽപ്പോലും തൈ ഒന്നിന് പത്തും പതിനഞ്ചും രൂപ ചെലവാകുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ അങ്ങനെയൊരു ചെലവ് പരിഹരിക്കുന്നതിനുവേണ്ടി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നമുക്ക് ഫലവൃക്ഷങ്ങളടക്കമുള്ള വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള സ്കീം ഉണ്ടാക്കാവുന്നതാണ്. ആ സ്കീമിലുൾപ്പെടുത്തി വനംവകുപ്പുകൂടി

സഹകരിച്ച് ആവശ്യമായ വിത്തുകൾ കൊടുത്തുകൊണ്ട് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ ഫലവൃക്ഷങ്ങളടക്കമുള്ള വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് കൊടുക്കുന്ന ഒരു സ്കീമുണ്ടാക്കുകയാണെങ്കിൽ തീർച്ചയായും എനിക്ക് മുമ്പ് ചോദിച്ച ചോദ്യകർത്താവ് സൂചിപ്പിച്ചപോലെ സംരക്ഷണമുൾപ്പെടെയുള്ള ഉത്തരവാദിത്വം ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിത്തന്നെ ഏറ്റെടുക്കാൻ സാധിക്കും, പഞ്ചായത്തുകൾക്ക് അത് ചെയ്യാനും സാധിക്കും. ഗവൺമെന്റ് അത്തരത്തിൽ ആലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, ഞാൻ ഇക്കാര്യം ആദ്യത്തെ ഉത്തരത്തിൽത്തന്നെ പറഞ്ഞിരുന്നു. തദ്ദേശീയമായ ഡിമാന്റുകൾ ഉയർന്നുവരുന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഫലവൃക്ഷത്തൈകൾ ധാരാളമായി വിതരണം ചെയ്യുന്ന പദ്ധതി വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ തേക്ക്, മഹാഗണി തുടങ്ങിയ തടി ലഭ്യമാകുന്ന വൃക്ഷത്തൈകൾ, ഔഷധഗുണമുള്ള വൃക്ഷത്തൈകൾ എന്നിവയ്ക്കാണ് വനംവകുപ്പ് യഥാർത്ഥത്തിൽ പ്രാധാന്യം നൽകുന്നത്. മാവിൻതൈ, പ്ലാവിൻതൈ എന്നിങ്ങനെയുള്ള വൃക്ഷത്തൈകൾ കൃഷിവകുപ്പിന്റെതന്നെ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

വനംവകുപ്പിന്റെ ഈ പദ്ധതിയിലുൾപ്പെടുത്തികൊണ്ടും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന നടപടി ഇപ്പോൾ തുടരുന്നുണ്ട്. ഇനിയും തുടർന്നുവരുന്നതുമാണ്. അതുപോലെതന്നെ 2 രൂപയാണ് ഒരു തൈയുടെ വില. എന്നാൽ നമ്മുടെ സന്നദ്ധ സംഘടനകളും എം.എൽ.എ.മാരുടെ കത്തുമായി പോകുന്നവർക്കും വനവൽക്കരണത്തിന്റെ ഭാഗമായി 50 പൈസ നിരക്കിലാണ് വിതരണം ചെയ്യുന്നത്. എന്നാൽ വനംവകുപ്പിന് ഒരു തൈയ്ക്ക് 6 രൂപ വിലയാകുന്നുണ്ട്. അവയാണ് 2 രൂപ വില നിശ്ചയിച്ച് നൽകുന്നത്. അതുതന്നെ 50 പൈസ വാങ്ങികൊണ്ട് സന്നദ്ധ സംഘടനകൾക്കും വിദ്യാർത്ഥികൾക്കും നൽകുന്നുമുണ്ട്. പ്രകൃതി സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് ജൂൺ 5-ന് സൗജന്യമായിത്തന്നെയാണ് വൃക്ഷത്തൈകൾ വിതരണം നടത്തുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, പാഴ്മരങ്ങളും അതുപോലെതന്നെ വഴിയോരങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരുപാട് പഴക്കമുള്ള മരങ്ങൾ ഇക്കഴിഞ്ഞ മഴക്കാലത്ത് കടപുഴകി വീഴുന്ന ഒരുവസ്ഥയുണ്ടായിട്ടുണ്ട്. ഇത് പലപ്പോഴും വലിയ ദുരന്തങ്ങൾക്കിടയാക്കിയിട്ടുണ്ട്. കുട്ടികളടക്കമുള്ളവർ ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടിട്ടുണ്ട്. ഇത്തരം മരങ്ങൾ മുറിച്ചുമാറ്റുന്നതിനെ

സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ഉണ്ടെങ്കിൽ മാത്രമെ നടക്കുകയുള്ളൂ. ഇത് വളരെയേറെ താമസം വരുത്തുകയും ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകാതിരിക്കുകയും ദുരന്തങ്ങൾ ഉണ്ടാകുകയും ചെയ്യുകയാണ്. ഇക്കാര്യത്തിൽ കൃത്യമായ നടപടികൾ സ്വീകരിക്കുന്നതിനും അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുംവേണ്ടിയുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, പി.ഡബ്ല്യു.ഡി. റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന മരങ്ങൾ മൂലം ഇമ്മിഡിയേറ്റ് ആയിട്ടുള്ള ഒരു ഡെയ്ഞ്ചർ ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ വനം വകുപ്പിന്റെ അനുമതി കാത്തു നിൽക്കേണ്ടതില്ല. പി.ഡബ്ല്യു.ഡി.യും എൻ.എച്ച്.എ.യുമൊക്കെയാണ് അവയുടെ അധികാരികൾ. എന്നിരുന്നാലും വളരെ അപകടകരമായ അവസ്ഥയിലാണ് മരത്തിന്റെ നിൽപ്പെങ്കിൽ കളക്ടറോ ആർ.ഡി.ഒ.-യോ സ്ഥലം സന്ദർശിച്ചതിനു ശേഷം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒയ്ക്ക് മരം മുറിച്ചു നീക്കുന്നതിനുള്ള അനുമതി കൊടുക്കാം. അത്തരത്തിൽ മുറിച്ചു നീക്കുന്നതിന് മറ്റ് നിയമതടസ്സങ്ങളൊന്നുമില്ല.

ശ്രീ. പി. കെ. ബഷീർ : സർ, ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ്

ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന 2006 കാലഘട്ടത്തിൽ കാട്ടിലും മറ്റും വീണ്ട കിടക്കുന്ന പാഴ്മരങ്ങളും, വലിയ മരങ്ങളുമൊക്കെ ലേലം ചെയ്ത് വിറ്റ് 40,000 കോടി രൂപയുടെ വരുമാനം ഉണ്ടാക്കാം എന്ന് പറഞ്ഞിരുന്നു. അങ്ങനെ ഈ കാട്ടിൽ നിൽക്കുന്ന മരങ്ങൾ ആർക്കും ഇല്ലാതെ നശിച്ചുപോകുകയാണ്. സംസ്ഥാന സർക്കാരിന് ഒരു റവന്യൂ വരുമാനം.... സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ഒന്നു മെച്ചപ്പെടുത്താൻ....

<u>മി.സ്പീക്കർ</u> : മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ചാണ് ചോദ്യം ഉന്നയിക്കേണ്ടത്, വെട്ടിനശിപ്പിക്കുന്നതിനെക്കുറിച്ചല്ല.

<u>ശ്രീ. പി. കെ. ബഷീർ</u> : വീണുകിടക്കുന്ന മരങ്ങളെക്കുറിച്ചാണ്, അവത് ലേലം ചെയ്തു വിൽക്കുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. രാജു</u> : സർ, ബഹുമാനപ്പെട്ട മെമ്പർ തടിയുമായിട്ടുള്ള അദ്ദേഹത്തിന്റെ ബന്ധവും കൂടി വ്യക്തമാക്കികൊണ്ടാണ് ഈ ചോദ്യം ചോദിച്ചത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. വനത്തിൽ ധാരാളം വൃക്ഷങ്ങൾ കാറ്റും മറ്റു പ്രകൃതി ക്ഷോഭവും മൂലം ഒടിഞ്ഞുവീണും പിഴുതുവീണുമൊക്കെ കിടപ്പുണ്ട് എന്നുള്ളത് ശരിയാണ്. അത് കളക്ട് ചെയ്ത് വിൽപ്പന നടത്തുന്ന ഒരു

രീതി ഇപ്പോൾ വനം വകുപ്പ് നടത്തുന്നില്ല. കാരണം, പല സ്ഥലങ്ങളിലായി വീണുകിടക്കുന്ന മരങ്ങൾ കളക്ട് ചെയ്ത് ഡിപ്പോയിൽ എത്തിച്ച് ലേലം ചെയ്യുന്നതിന് ആവശ്യമായ തുക വിറ്റാൽ കിട്ടുന്ന തുകയേക്കാൾ കുറവാണ് എന്നുള്ളതാണ് റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വനത്തിനുള്ളിൽ വീണു കിടക്കുന്ന തടികൾ കളക്ട് ചെയ്ത് കൊണ്ടുവരുന്ന അത്തരം രീതി വനം വകുപ്പ് തുടരുന്നില്ല. ഇതുസംബന്ധിച്ച് കൂടുതൽ പരിശോധിച്ച് വനം വകുപ്പിന്റെ റിപ്പോർട്ട് ശരിയാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് കൂടുതൽ പരിശോധിച്ചതിനു ശേഷം ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, ഈ സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് വിവിധ തരത്തിലുള്ള തൈകൾ ആണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ചന്ദനം, ഈട്ടി, തേക്ക്, മഹാഗണി, കാറ്റാടി, വേമ്പ് എന്നീ തരത്തിലുള്ള തൈകൾ പലപ്പോഴായി വിതരണം ചെയ്തിട്ടുണ്ട്. ജൂൺ 5-ാം തീയതി പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ശാസ്താംകോട്ട തടാകത്തിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ, ദൃഷ്ടി മേഖലയിൽ ഏകദേശം 10,000 തൈകൾ വെച്ച് പിടിപ്പിക്കണമെന്നതായിരുന്നു ഞങ്ങളുടെ

പ്രധാന പദ്ധതി. എന്നാൽ 5,000 തൈകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. സി.സി.എഫ്-മായി ബന്ധപ്പെട്ടപ്പോൾ 5,000 തൈകൾ മാത്രമേ ലഭ്യമാക്കാൻ കഴിയൂ എന്ന മറുപടിയാണ് ലഭിച്ചത്. ഞങ്ങൾ അഡ്വാൻസ് ആയി തുക അടയ്ക്കാനും തയ്യാറാണ്. അതിനാൽ ഈ തടാകത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊണ്ട് ബാക്കിയുള്ള 5,000 തൈകൾ കൂടി വളരെ വേഗം തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u> : സർ, ശാസ്താംകോട്ട തടാകം സംരക്ഷിക്കേണ്ടത് വളരെ ആവശ്യമാണ്. തടാകത്തിനുചുറ്റും വൃക്ഷത്തൈകളും പുല്ലും വെച്ചുപിടിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ അതിന് മുൻകൈയെടുക്കണം. ഇപ്പോൾ നട്ടുവെച്ച 5,000 തൈകൾ, വെച്ച് പിടിപ്പിച്ച് സംരക്ഷിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും 5000 തൈകൾകൂടി ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കും.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാന്യനായ മന്ത്രി, ഇവിടെ സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കാണ് മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നത്. എനിക്ക് ചോദിക്കാനുള്ളത് ഞാനും ബഹുമാനപ്പെട്ട മന്ത്രിയുമടക്കമുള്ളവർ അനുഭവിക്കുന്ന ചില പ്രയാസങ്ങളെക്കുറിച്ചാണ്.

വനമേഖലയിൽ പഞ്ചായത്ത് അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് പണം മുടക്കി ചെയ്തുകൊണ്ടിരിക്കുന്ന റോഡുകൾക്ക് പലപ്പോഴും തടസ്സം നേരിടുകയാണ്. രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്ന ഒരു അവസ്ഥയിലേക്ക് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ മാറിയിരിക്കുന്നു. എന്റെ മേഖലയിൽ 'കൊക്കാത്തോട്' എന്ന് പറയുന്ന പ്രദേശം ഒറ്റപ്പെട്ടൊരു പ്രദേശമാണ്.

മി. സ്പീക്കർ : ശ്രീ. അടൂർ പ്രകാശ്, അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. അടൂർ പ്രകാശ് : അവിടെ റോഡ് നിർമ്മിക്കുന്നതിനുവേണ്ടി പണം അനുവദിക്കുകയും കുറേ പണികൾ പൂർത്തിയാക്കുകയും ചെയ്തപ്പോൾ, റോഡ് ചെയ്യാൻ പാടില്ലെന്ന് ഇപ്പോൾ പറയുന്നു. കാരണം എന്താണെന്ന് ചോദിച്ചാൽ അങ്ങേയ്ക്ക് നന്നായി അറിയാം. അങ്ങും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന ഒരു ആളാണെന്ന് അറിയാവുന്നതുകൊണ്ടാണ്.... ഇതിന് ഒരു പ്രത്യേകമായ ഒരു നിർദ്ദേശം വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് നൽകുമോ എന്നുള്ളതാണ് എന്റെ ചോദ്യം. ഇത്തരത്തിൽ റോഡുകളും മറ്റും നിർമ്മിക്കുന്നതിനുള്ള അനുമതി കൊടുക്കുന്നതിനുള്ള നടപടികളും ഉണ്ടാകണം.

ശ്രീ. കെ. രാജു : സർ, വനത്തിലൂടെ പോകുന്ന റോഡുകളെ, ആവശ്യമാണെങ്കിൽ വനം വകുപ്പ് തന്നെ, സംരക്ഷിക്കുന്നതിനും

പരിപാലിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരാറുണ്ട്. പലപ്പോഴും ആവശ്യമായിട്ടുള്ള തുകകൾ അനുവദിച്ചുകിട്ടാറില്ല എന്നുള്ളതാണ് ബുദ്ധിമുട്ട്. എന്നാൽ, അനുവദിക്കപ്പെടുന്ന തുക ഉപയോഗിച്ച് അതിന്റെ സംരക്ഷണം ഏറ്റെടുത്ത് വരുന്നുണ്ട്. കേന്ദ്ര വനം, പരിസ്ഥിതി സംരക്ഷണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. പ്രകാശ് ജവേഡ്ക്കർ സംസ്ഥാനത്ത് വന്നപ്പോൾ, ഇപ്പോൾ അദ്ദേഹം മാറി, അദ്ദേഹത്തോട് വനം സംരക്ഷിക്കുന്നതിനും റോഡുകൾ പരിപാലിക്കുന്നതിനുമായി കൂടുതൽ തുക നൽകണം എന്ന് ആവശ്യപ്പെട്ട് നിവേദനം കൊടുത്തിട്ടുണ്ട്. വനം സംരക്ഷിക്കുന്നതിനാവശ്യമായ റോഡ് വനത്തിനകത്തുകൂടി പോകുന്നുണ്ടെങ്കിൽ അത് പരിപാലിക്കുക എന്നുള്ളത് വനം വകുപ്പിന്റെതന്നെ ഉത്തരവാദിത്വമാണ്. വനം വകുപ്പ് അത് ചെയ്യുന്നതായിരിക്കും. ജില്ലാ പഞ്ചായത്ത് വനം വകുപ്പിനെ ഫണ്ട് ഏൽപ്പിച്ചാൽ, അവരുടെ നിബന്ധനകൾക്ക് വിധേയമായികൊണ്ട് റോഡ് ചെയ്യുന്നതായിരിക്കും. നിലവിലുള്ള റോഡുകൾ മെയിന്റനൻസ് നടത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി ഫോറസ്റ്റിന്റെ അനുവാദത്തോടുകൂടി ചെയ്യാവുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, നമ്മുടെ പ്രകൃതിയും ഭൂമിയും

ജീവജാലങ്ങളും സംരക്ഷിക്കപ്പെടേണ്ടത് ആവശ്യമുള്ളതാണ്. പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയാണ് ഭൂമിയുടെ സൗന്ദര്യം എന്ന് കാറൽ മാക്സ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ നമുക്ക് ഈ പ്രകൃതിയേയും ജീവജാലങ്ങളെയും സംരക്ഷിക്കുന്നതിന് വനവൽക്കരണം അത്യാവശ്യമാണ്. ഇപ്പോൾതന്നെ കഴിഞ്ഞ ഒരു വർഷം എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കൂളുകൾ തോറും 'ഒരു സ്കൂളിനു ഒരു മരം, ഒരു ഡിവിഷനു ഒരു മരം' എന്ന പദ്ധതി നടപ്പിലാക്കി. ആ മരം സംരക്ഷിക്കുന്ന സ്കൂളിന്റെ ചുമതല എച്ച്.എമ്മിനും ടീച്ചർമാർക്കും അതുപോലെ ഡിവിഷന്റെ ചുമതല ക്ലാസ് ടീച്ചറിനും കുട്ടികൾക്കും. അത് സംരക്ഷിക്കുന്ന കുട്ടികൾക്കും ടീച്ചർമാർക്കും അവാർഡും പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ ചോദ്യം ഇതു സംസ്ഥാനത്ത് ഒട്ടാകെ വ്യാപകമാക്കുന്നതിനും...... അതുപോലെ തന്നെ ഇത്തരം മരങ്ങൾ വെച്ച് പിടിപ്പിക്കുന്ന ഏജൻസികൾ ഉണ്ട്. ആ ഏജൻസികൾക്ക്, അതുപോലെതന്നെ കുടുംബശ്രീ, മറ്റ് എൻ.ജി.ഒ.കൾ അവർക്കെല്ലാം പ്രത്യേകമായിട്ടുള്ള അവാർഡ് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ തുക എത്രയാണ്; തുക വർദ്ധിപ്പിക്കാൻ കഴിയുമോ; ഇത് സംസ്ഥാനത്ത് ഒട്ടാകെ വ്യാപിച്ച് വിദ്യാലയങ്ങളും അതുപോലെ എൻ.ജി.ഒ.കളും കുടുംബശ്രീയും അടക്കം

വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? അതുപോലെ തന്നെ വനത്തിൽ വച്ചുപിടിപ്പിച്ചിരിക്കുന്ന റോയൽ വുഡ്സ് അടക്കമുള്ള മരം പലപ്പോഴും മുറിച്ചുകൊണ്ട് പോകാറുണ്ട്. അത്തരത്തിൽ മുറിച്ചുകൊണ്ട് പോകുമ്പോൾ പകരം മരം വെച്ച് പിടിപ്പിക്കണം. ഒരു മരം മുറിച്ചാൽ പത്ത് മരം വെച്ച് പിടിപ്പിക്കുന്നതിനാവശ്യമായ നടപടി കൂടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു : സർ, അങ്ങയുടെ മണ്ഡലത്തിൽ സ്കൂൾ തലത്തിൽ അങ്ങ് നടപ്പിലാക്കുന്നത് നല്ല പദ്ധതിയാണ്. പക്ഷേ, അവയുടെ എണ്ണം വർദ്ധിപ്പിക്കണം. ഒരു സ്കൂളിന് ഒരു മരം, ഒരു ഡിവിഷന് ഒരു മരം എന്ന പറഞ്ഞാൽ അത് വളരെ പരിമിതമാണ്. പല സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും മരങ്ങൾ കൊടുക്കുകയാണ്. പരിപാടി കൊള്ളാം, പക്ഷേ മരത്തിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അങ്ങയോട് പറയാനുള്ളത്. പിന്നെ അങ്ങ് പറഞ്ഞ അവാർഡിന്റെ കാര്യം, അതിന് എത്ര രൂപയാണ്, അത് വർദ്ധിപ്പിക്കാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിച്ച് മറുപടി നൽകാം.

<u>ശ്രീ. എം. വിൻസെന്റ്</u> : സർ, വൃക്ഷം നട്ടുപിടിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയേണ്ടതില്ല. ഒരു പഠനത്തിൽ തെളിഞ്ഞത് ഒരു മരം മൂന്ന് ഓക്സിജൻ സിലിണ്ടർ നൽകുന്ന ഓക്സിജൻ സമൂഹത്തിന് നൽകുന്നു എന്നതാണ്. ഒരു ഓക്സിജൻ സിലിണ്ടറിന് 700 മുതൽ 800 രൂപ വരെ വിലപിടിപ്പുണ്ട്. അപ്പോൾ ഏകദേശം 2400 ഓളം രൂപയ്ക്ക് ഒരു ദിവസം ഓക്സിജൻ നൽകുന്ന മരങ്ങളെയാണ് നമ്മൾ വെട്ടിമുറിക്കുന്നത്. അപ്പോൾ മരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതിന് പ്രാധാന്യം ഉണ്ട്. അതുപോലെതന്നെ അത് സംരക്ഷിക്കേണ്ടതാണ് ഏറ്റവും പ്രാധാന്യം അർഹിക്കുന്നത്. ഇപ്പോൾ വലിയ പരിപാടിയായി വൃക്ഷത്തൈകൾ വിതരണം ചെയ്തു കഴിഞ്ഞാൽ അത് സംരക്ഷിക്കപ്പെടുന്നില്ല. എന്റെ ചോദ്യം, ഓരോ വീടുകളിലും നമ്മുടെ പ്രിയപ്പെട്ട, മൺമറഞ്ഞുപോയ ആളുകൾ ഉണ്ട്. അവരുടെ പേരിൽ വൃക്ഷത്തൈകൾ വീടുകളിൽ വെച്ച് പിടിപ്പിക്കുക, സ്കൂളുകളിലും മറ്റുപൊതുസ്ഥലങ്ങളിലും ദേശീയ നേതാക്കന്മാരുടെ പേരിൽ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുക, അതുപോലെതന്നെ രാഷ്ട്രീയ പാർട്ടികളും അവരുടെ മൺമറഞ്ഞ നേതാക്കളുടെ പേരിൽ മരങ്ങൾ വെച്ച് പിടിപ്പിക്കുക അങ്ങനെ ഒരു സ്മൃതിവനം നമ്മുടെ നാട്ടിൽ നടത്തിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു പദ്ധതി സർക്കാർ

ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ശ്രീ. കെ. രാജു</u> : സർ, ഇപ്പോൾ തന്നെ കുട്ടിവനം, നക്ഷത്രവനം തുടങ്ങിയ പദ്ധതികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തന്നെ നടപ്പിലാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വ്യക്തികളുടെ പേരിൽ അവരവർക്ക് അല്ലെങ്കിൽ വീട്ടുകളിൽ തന്നെ അവരവരുടെ പിതാമഹന്മാരുടെയോ അല്ലെങ്കിൽ ഓർമ്മിക്കപ്പെടേണ്ടുന്ന ആളുകളുടെയോ പേരിൽ മരങ്ങൾ വെച്ച് പിടിപ്പിക്കുന്നത് വളരെ നല്ല കാര്യമാണ്. അതിന് ആവശ്യമായ വൃക്ഷത്തൈകൾ വനം വകുപ്പിൽ നിന്ന് ആവശ്യപ്പെട്ടാൽ അത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് നക്ഷത്രവനം പദ്ധതി. നമ്മുടെ റോഡുകളിൽ വെച്ച് പിടിപ്പിക്കുന്ന മരങ്ങൾ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്... നമുക്കെല്ലാം നമ്മുടെ നാട്ടിൽ തന്നെ ഒരു ധാരണ നേരത്തെതന്നെയുണ്ട്. വനവുമായി ബന്ധപ്പെടുത്തി ഒരു ചൊല്ലുതന്നെയുണ്ട് - 'കാട്ടിലെ തടി തേവരുടെ ആന പിടിയെടാ പിടി, വലിയടാ വലി'. മുമ്പ് ഉണ്ടായിരുന്ന നമ്മുടെ ഒരു ധാരണയുമായി

ബന്ധപ്പെടുത്തികൊണ്ട് വളർന്നുവന്നതാണത്. പൊതു ആവശ്യത്തിനു വേണ്ടിയുള്ളത് അല്ലെങ്കിൽ പൊതുവകയാണെങ്കിൽ ആർക്കും എന്തും ആകാം എന്നാണ് അതിന്റെ ധ്വനി. എന്നാൽ കാടിനെ ചേർത്ത് ഇപ്പോൾ പറയുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാൻ ഉള്ളത്. ഇപ്പോൾ കാട്ടിലെ തടി അങ്ങനെ ആർക്കും കയറി മുറിച്ച്, അല്ലെങ്കിൽ കടത്തികൊണ്ട് പോകാനൊക്കുന്ന സ്ഥിതിയല്ല. ഗവൺമെന്റ് ശക്തമായ നടപടി എടുക്കും.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, വയനാട്ടിൽ വ്യാപകമായി തേക്കിൻ തോട്ടങ്ങളുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് റെയിൽവേപ്പാളത്തിന്റെ നിർമ്മാണത്തിനുവേണ്ടിയായിരുന്നു അതാരംഭിച്ചത്. ഇന്ന് വയനാട്ടിലെ മൺസൂൺ കാലാവസ്ഥയിൽ കാലാവസ്ഥാ വ്യതിയാനത്തിനും വന്യമൃഗങ്ങൾ വൻതോതിൽ നാട്ടിലിറങ്ങാനും ഇത് ഇടയാക്കുന്നുണ്ട്. അതുകൊണ്ട് തേക്ക് പ്ലാന്റേഷനുപകരം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കാൻ കഴിയുമോ; വൻതോതിൽ തേക്ക് വച്ചുപിടിപ്പിക്കുന്നത് വയനാടിന്റെ കാലാവസ്ഥയെയും വന്യമൃഗ ശല്യത്തെയും രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനുവേണ്ടിയൊരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. കെ. രാജു : സർ, യഥാർത്ഥത്തിൽ വനത്തോടുചേർന്ന്

ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതും വന്യമൃഗങ്ങൾ ഇറങ്ങിവരുന്നതിന് ഇടയാകും. നല്ല രുചിയുള്ള ഭക്ഷണമാണെന്ന് ആനയ്ക്ക് തോന്നിയാൽ ആന സ്ഥിരമായി അവിടെ വരും. വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങൾ നല്ല ഫലഭൂയിഷ്ഠമായിട്ടുള്ള സ്ഥലമായതുകൊണ്ട് അവിടെയെല്ലാം കിഴങ്ങുവർഗ്ഗങ്ങളടക്കമുള്ള ഫലവർഗ്ഗങ്ങൾ വയ്ക്കുന്നുണ്ട്. അവിടെയെല്ലാം കുരങ്ങടക്കമുള്ള വന്യമൃഗങ്ങൾ വന്ന് ശല്യംചെയ്യുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള ബോധവത്ക്കരണത്തിന്റെയും ആവശ്യമുണ്ട്. ഇവിടെ മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ തേക്ക്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ പ്ലാന്റ് ചെയ്യുന്നത് മാറ്റിയിട്ട് അവിടെയെല്ലാം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കേണ്ട കാര്യമാണ്. വനത്തിനകത്താണ് ഈ പ്ലാന്റേഷനുകൾ. ഉദാഹരണത്തിന് അക്കേഷ്യതന്നെ പ്ലാന്റ് ചെയ്യാനുള്ള ബാധ്യത സർക്കാരിനുണ്ട്. 20 വർഷക്കാലമായി നീണ്ടുനില്ക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് അവരുടെ അസംസ്കൃത സാധനമായ അക്കേഷ്യ കൊടുക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ട്. ഇല്ലെങ്കിൽ അവരുടെ പ്രവർത്തനം നിന്നുപോകും. അതുകൊണ്ട് സമ്പൂർണ്ണമായി അക്കേഷ്യയുടെ പ്ലാന്റേഷൻ

നിർത്തലാക്കാൻ ഇപ്പോൾ കഴിയില്ല. എന്നാൽ നാട്ടിൻപ്രദേശത്തോട് ചേർന്നുള്ള ഭാഗങ്ങളിൽ ഈ പറയുന്ന രീതിയിൽ തേക്കും, മാഞ്ചിയവും, അക്കേഷ്യയുമൊക്കെ നട്ടുപിടിപ്പിക്കുന്നത് അവസാനിപ്പിച്ചിട്ട് ഫലവൃക്ഷങ്ങൾ കൂടുതലായി വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് വനംവകുപ്പ് കാര്യമായിതന്നെ ആലോചിക്കുന്നതാണ്.

## തടയണ നിർമ്മാണം

(*212) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തുനടപ്പിലാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്) : സർ,

(എ) 2014-ൽ സർക്കാർ ഉത്തരവുകൾ പ്രകാരം 190 തടയണകൾ നിർമ്മിക്കുന്നതിനായി 111 കോടി രൂപ അനുവദിച്ചതിൽ 45 തടയണകൾ പൂർത്തിയായി. 131 എണ്ണം പുരോഗതിയിലാണ്. ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായി 62 കോടി രൂപയുടെ 15 തടയണകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിൽ വരൾച്ച നേരിടുന്നതിനായി നദികളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷിക കാര്യങ്ങൾക്കും പാരിസ്ഥിതി ധർമ്മങ്ങൾക്കുമുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ

അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കി കഴിഞ്ഞു. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, നമ്മുടെ സംസ്ഥാനം 44 നദികളാൽ സമ്പന്നമാണ്. ആവശ്യത്തിലധികം മഴയും നമുക്ക് ലഭിക്കുന്നുണ്ട്. പക്ഷെ 24 മണിക്കൂർകൊണ്ട് ഈ മഴവെള്ളമെല്ലാം നദികളിലൂടെ കടലിൽ എത്തിച്ചേരുകയാണ് എന്ന് നമുക്കറിയാം. അത്തരം സാഹചര്യത്തിൽ തടയണകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. പക്ഷെ ഈ തടയണകൾ സംരക്ഷിക്കാനുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങളുണ്ടോ; തടയണകളിൽ വരുന്ന മലിനജലം ശുദ്ധീകരിക്കുവാനുള്ള സാങ്കേതിക വിദ്യകളുണ്ടോ? ഉദാഹരണത്തിന് മൂവാറ്റുപുഴയിൽ മാറാടി പഞ്ചായത്തിൽ കായനാട് സ്ഥാപിച്ചിരിക്കുന്ന തടയണ രണ്ട് മീററർ പൊക്കത്തിൽ കല്ലിട്ട് പൊക്കി സ്ഥാപിച്ച തടയണയായതുകൊണ്ട് ഷട്ടറില്ലെന്ന കാരണത്താൽ വെള്ളം തുറന്നുവിട്ട് ശുദ്ധീകരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ മൂവാറ്റുപുഴ ആറിന്റെ കുറെ ഭാഗം മലിനപ്പെട്ടിരിക്കുകയാണ്. എന്തെങ്കിലും ശാസ്ത്രീയ മാർഗ്ഗങ്ങൾ ഇതുമായി ബന്ധപ്പെട്ട ശുദ്ധീകരണത്തിന് ഉപയോഗിക്കുന്നുണ്ടോ?

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, കേരള ജല അതോറിറ്റി തടയണകൾ പ്രധാനമായും നിർമ്മിക്കുന്നത് ശുദ്ധജല പദ്ധതികളുടെ ജല സ്രോതസ്സുകളിൽ ജലം നിലനിർത്താൻ വേണ്ടിയാണ്. ജലസേചന വകുപ്പ് മറ്റ് രൂപത്തിൽ നടപ്പിലാക്കുന്ന തടയണകൾവഴി വെള്ളം ശുദ്ധീകരിക്കുന്ന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രീതിയിൽ വലിയ ചെലവില്ലാതെ വെള്ളം ശുദ്ധീകരിച്ചെടുക്കാൻ ഏത് രൂപത്തിൽ കഴിയുമെന്നത് പരിശോധിക്കുന്നതാണ്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : സർ, എറണാകുളം ജില്ലയിലെ പെരിയാറിലും, കാളിയാർ, കോതയാർ, തൊടുപുഴയാർ എന്നിവ ചേരുന്ന മൂവാറ്റുപുഴയാറിലും പുതിയതായി തടയണകൾ സ്ഥാപിക്കുമോ; എത്ര കിലോമീറ്റർ ഇടവിട്ടാണ് തടയണകൾ സ്ഥാപിക്കുക; വിദേശ രാജ്യങ്ങളിൽ തടയണകളില്ലാതെ ഏതെങ്കിലും നവീന മാർഗ്ഗത്തിൽ വെള്ളം സ്റ്റോർ ചെയ്യുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം മാർഗ്ഗങ്ങൾ അവലംബിക്കുമോ?

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, 2014-ൽ ഗവൺമെന്റ് 190 തടയണകൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ട് 45 എണ്ണം മാത്രമേ ജലസേചന

വകുപ്പിന് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 131 എണ്ണം നിർമ്മാണ പ്രവർത്തനങ്ങളിലാണ്. 14 എണ്ണം ഉപേക്ഷിച്ചു. 190 എണ്ണത്തിൽ 16 എണ്ണം എറണാകുളം ജില്ലയിലാണ് അനുവദിച്ചത്. 16 എണ്ണത്തിൽ ഒരെണ്ണംപോലും പൂർത്തിയാക്കിയിട്ടില്ല. പതിനാറെണ്ണവും പുരോഗതിയിലാണ്. തടയണകൾ തമ്മിൽ ഒരു നിശ്ചിത ദൈർഘ്യം ഉണ്ടാകണമെന്ന് നിർബന്ധമില്ല. എന്നാൽ ഭൂജല വിതാനം താഴുന്നുവെന്ന് സംശയമുള്ള സ്ഥലങ്ങളിൽ പുതിയ തടയണകൾ നിർമ്മിക്കാൻ വേണ്ടിയുള്ള പണം കണ്ടെത്തും.

Mr. Speaker : Shri Hibi Eden, not in the seat.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് ഇവിടെ പറഞ്ഞ മറുപടി വലിയ ഉത്കണ്ഠ ഉളവാക്കുന്ന ഒന്നാണ്. യാതൊരു നിയന്ത്രണവുമില്ലാതെ അശാസ്ത്രീയമായാണ് ഇപ്പോൾ തടയണകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. നീരൊഴുക്ക് സംബന്ധിച്ച ഹൈഡ്രോളജിക്കൽ ഡാറ്റായും കാലാവസ്ഥാമാറ്റം സംബന്ധിച്ച മീറ്റീരിയോളജിക്കൽ (meteorological) ഡാറ്റായും പരിശോധിച്ചിട്ടുവേണം തടയണകൾ ഉണ്ടാക്കാൻ. യാതൊരു നിയന്ത്രണവുമില്ലാതെ ഇതുണ്ടാക്കുന്നത് ധാരാളം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിതെളിക്കുകയാണ്. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനുള്ള ഒരു

സംവിധാനം നമുക്കില്ല. അതുകൊണ്ട്  നദികളുടെ ഒഴുക്കിനെ നിയന്ത്രിക്കാനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കുടിവെള്ള പദ്ധതികളും തടയണകളും നിർമ്മിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനും ഉതകുന്ന സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഒരു റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, പഠന വിധേയമായിട്ടല്ല തടയണകൾ നിർമ്മിക്കുന്നത് എന്ന ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ പരാമർശം പൂർണ്ണമായും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. എനിക്ക് ലഭ്യമായിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 871 കിണറുകൾ നിരീക്ഷണ കിണറുകളാക്കി  ഭൂജലവിതാനം താഴുന്നോ ഇല്ലയോ എന്നതടക്കം പരിശോധിക്കാനും അതുപോലതന്നെ അവയിൽ ശേഖരിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുംവേണ്ടിയുള്ള സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ രണ്ടുവർഷത്തിലൊരിക്കൽ അതിൽനിന്നുള്ള ഡാറ്റ അടിസ്ഥാനപ്പെടുത്തി റിപ്പോർട്ടുകൾ ശേഖരിക്കാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഭൂജല വിതാനം താഴ്ന്നുപോകുന്ന ചില സ്ഥലങ്ങളിലെ 152 ബ്ലോക്കുകളെ നാലായി തരം തിരിച്ചിരിക്കുകയാണ്. ഓവർ

എക്സ്പ്ലോയിറ്റഡ് ആയി കണ്ടെത്തിയിരിക്കുന്നത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കാണ്. അതുപോലെ ക്രിട്ടിക്കലായി കാസർഗോഡ്, മലമ്പുഴ എന്നീ ബ്ലോക്കുകളും സെമിക്രിട്ടിക്കലായി 23 ബ്ലോക്കുകളും സെയ്ഫ് എന്ന രീതിയിൽ ബാക്കി 126 ബ്ലോക്കുകളുമാണ് കണ്ടെത്തിയിരിക്കുന്നത്. അതുകൊണ്ട് ഒരു പഠനവും നടത്താതെയല്ല, എന്നാൽ കൂടുതൽ ആധികാരികതയോടുകൂടിയുള്ള പഠനങ്ങൾ നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

<u>ശ്രീ. അനിൽ അക്കര</u>: സർ, തൃശ്ശൂർ കോൾനിലങ്ങളിലെയും മലപ്പുറം ജില്ലയിലെ പൊന്നാനി കോൾനിലങ്ങളിലെയും ഏതാണ്ട് അറുപതിനായിരത്തോളം ഏക്കർ കോൾനിലങ്ങളിൽ ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ കോടാനുകോടി ലിറ്റർ വെള്ളമാണ് സംഭരിച്ചുകിടക്കുന്നത്. ഒക്ടോബർ-നവംബർ മാസങ്ങളിലായി കൃഷി ചെയ്യുന്നതിനുവേണ്ടി ഈ വെള്ളം കടലിലേയ്ക്ക് പമ്പ് ചെയ്തുകളയുകയാണ് ചെയ്യുന്നത്. ഈ പമ്പ് ചെയ്യുന്ന വെള്ളത്തിനെ കനാലുകളിൽ തടയണകൾ കെട്ടി അവിടേയ്ക്ക് റിവേഴ്സ് പമ്പിംഗ് ചെയ്യുകയും കുളങ്ങളിലേയ്ക്ക് റീചാർജ്ജും ചെയ്തുകഴിഞ്ഞാൽ ഈ രണ്ട് ജില്ലകളിലേയും കുടിവെള്ള പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. സമുദ്രനിരപ്പിനേക്കാൾ 1.5 മീറ്റർ താഴെയാണ് ഈ കോൾ

ലാന്റ്. ഒക്ടോബർ-നവംബർ മാസങ്ങളിൽ വെള്ളം പമ്പ് ചെയ്യുന്നതോടുകൂടി രൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഈ ജില്ലയിലുണ്ടാകുന്നത്. ഈ കോൾനിലങ്ങൾ 1.5 മീറ്റർ താഴെയാണെന്നുള്ളതുകൊണ്ട് അത്രയുംതന്നെ ഒഴുക്ക് വീണ്ടും വരുന്നതുകൊണ്ട് വലിയ ക്ഷാമമാണ്. ഈ രണ്ട് ജില്ലകളിലെ കനാലുകളിലും തടയണകൾ കെട്ടി ഈ വെള്ളം സംഭരിക്കുന്നതിനും കുളങ്ങളിലേയ്ക്ക് റിവേഴ്സ് പമ്പിംഗ് ചെയ്യാനുമുള്ള ഒരു സമഗ്ര പദ്ധതി സർക്കാർ തയ്യാറാക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്, കെട്ടിക്കിടക്കുന്ന വെള്ളം കാർഷിക ആവശ്യങ്ങൾക്കുവേണ്ടി പമ്പുചെയ്തു കളയുന്നുവെന്നുള്ളതാണ്. കുടിവെള്ള ലഭ്യതയ്ക്കുവേണ്ടി അതെങ്ങനെ ഉപകരിക്കാമെന്നുള്ളതിനെ സംബന്ധിച്ചുള്ള ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ നൽകിയത്. അതിന്റെ ശാസ്ത്രീയവശങ്ങൾ കൂടി പരിശോധിച്ചു മാത്രമേ എനിക്ക് അതുസംബന്ധിച്ച് ഉത്തരം പറയാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായതോടുകൂടി തടയണ നിർമ്മാണം അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ഭാരതപ്പുഴയിലാകട്ടെ തടയണഭിത്തി കൊണ്ട് നിറഞ്ഞിരിക്കുകയാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഭാരതപ്പുഴയിലെ

തടയണകളിൽ ഒട്ടും വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. മാത്യു ടി. തോമസ്: സർ, കഴിഞ്ഞ ദിവസം ഈ വിഷയത്തിൽ ഒരു ശ്രദ്ധക്ഷണിക്കലിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞതാണ്. പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനുള്ള സമയം വൈകിയിരിക്കുന്നു. അതിനുള്ള ചർച്ചകൾ സൗഹാർദ്ദപരമായി നടത്താനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് നിയമസഭയിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയിരിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, വേനൽക്കാലമാകുമ്പോൾ ജലവിഭവ വകുപ്പ് പലയിടത്തും താൽക്കാലികമായ തടയണകൾ നിർമ്മിക്കാറുണ്ട്. വേനൽ രൂക്ഷമാകുമ്പോഴാണ് വാട്ടർ സോഴ്സുകളിൽ പലപ്പോഴും ഈ തടയണകൾ നിർമ്മിക്കാൻ വകുപ്പ് കടന്നുവരുന്നത്. ഇതുകാരണം പ്രധാനപ്പെട്ട പല വാട്ടർ സോഴ്സുകളിലും ബുദ്ധിമുട്ടുകൾ വരുന്നുമുണ്ട്. എന്റെ ചോദ്യം, ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾക്കുപകരം സ്ഥിരമായിട്ടുള്ള തടയണകൾ നിർമ്മിക്കുവാനുള്ള ഏതെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കുടിവെള്ള സ്രോതസ്സുകളിൽ വെള്ളമില്ലാതെ വരുമ്പോൾ താൽക്കാലികമായി തടയണ നിർമ്മിക്കുന്നുണ്ടാവും. പക്ഷേ കുടിവെള്ള സ്രോതസ്സുകളിൽ ശാശ്വതമായി വെള്ളം ലഭിക്കാൻ വേണ്ടി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി തടയണകൾ നിർമ്മിക്കുന്നുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 62 കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരി ഉൾപ്പെടെയുള്ള പ്രദേശം തീരദേശമേഖലയാണ്. രൂക്ഷമായ കടലാക്രമണമാണ് ഈ കേന്ദ്രങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. പലയിടങ്ങളിലും ജലവിഭവ വകുപ്പിന്റെ തടയണ നിർമ്മാണത്തിന്റെ ആവശ്യമുണ്ട്. ഗവൺമെന്റുതലത്തിൽ ശക്തമായി ഇടപെട്ടില്ലെങ്കിൽ തലശ്ശേരി ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകും. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അങ്ങയുടെ നിയോജകമണ്ഡലമടക്കം കേരളത്തിലെ തീരദേശമേഖലയിലാകെ കടൽക്ഷോഭത്തിന്റെ ഭീതിയുണ്ട്. കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിൽ താൽക്കാലികമായി കല്ലുകൾ

നിക്ഷേപിച്ചുകൊണ്ട് അതിന്റെ രൂക്ഷത തടയാൻവേണ്ടിയുള്ള ശ്രമങ്ങളുണ്ട്. വലിയ പ്രശ്നമുള്ള സ്ഥലങ്ങളെ ഐഡന്റിഫൈ ചെയ്ത് പുലിമുട്ട് നിർമ്മാണവും കടൽഭിത്തി നിർമ്മാണവും നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ചില പ്രദേശങ്ങൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റു പ്രദേശങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഭൂഗർഭജലം ഏറ്റവും കൂടുതൽ ഡിപ്ലീറ്റ് ചെയ്യപ്പെടുന്ന സെമി ക്രിട്ടിക്കൽ പ്രദേശമാണ് എന്റെ നിയോജകമണ്ഡലത്തിലെ തൃത്താല ബ്ലോക്ക്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു റഗുലേറ്ററിന്റെ പ്രൊപ്പോസലുണ്ട് - കാങ്കപ്പുഴ റഗുലേറ്റർ-കം-ബ്രിഡ്ജ്. മുൻ ബഡ്ജറ്റിൽ അതിനുവേണ്ടി ഒരു കോടി രൂപ നീക്കിവയ്ക്കപ്പെട്ടിരുന്നു. അതിന്റെ ഭാഗമായി ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറായി വകുപ്പിന്റെ പരിഗണനയിലുണ്ട്. അക്കാര്യത്തിൽ തുക അനുവദിച്ച് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും വരുംവർഷത്തിൽ അതിനുവേണ്ട മതിയായ തുക ബഡ്ജറ്റിലൂടെയോ നബാർഡിലൂടെയോ അനുവദിച്ച് കാങ്കപുഴ റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടിയുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ? അതുപോലെ പാലക്കാട് ജില്ലയിൽ കുളങ്ങളുടെ റീചാർജ്ജിംഗ് വളരെ പ്രധാനമാണ്. 200

കുളങ്ങൾ ഏറ്റെടുത്ത് അത് പുനഃരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കി വകുപ്പിന്റെ കൈയിലുണ്ട്. ഇക്കാര്യത്തിലും ഫണ്ട് അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ലഭ്യമായ ഫണ്ട് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി പരമാവധി പ്രയോജനപ്പെടുത്തണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നിയമസഭയിൽ കഴിഞ്ഞ ദിവസം സമർപ്പിക്കാൻ വേണ്ടി ഞാൻ ഒപ്പിട്ടുനൽകിയ പെർഫോമൻസ് റിപ്പോർട്ടിൽ കഴിഞ്ഞ വർഷങ്ങളിൽ നീക്കിവച്ച തുക വേണ്ടത്ര ചെലവാക്കപ്പെട്ടില്ല എന്ന ഒരു ദയനീയ ചിത്രം കാണുകയുണ്ടായി. ആരെയും വിമർശിക്കാൻ വേണ്ടിയല്ല പറഞ്ഞത്. പക്ഷേ ജലസംരക്ഷണത്തിനുവേണ്ടിയും ഭൂജല സംപോഷണത്തിനുവേണ്ടിയുമുള്ള പദ്ധതികൾക്ക് നീക്കിവയ്ക്കുന്ന പണം പരിപൂർണ്ണമായും വിനിയോഗിക്കപ്പെടണ മെന്ന കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് ഫയലുകൾ നോക്കിമാത്രമേ പറയാൻ കഴിയുകയുള്ളൂ. അനുഭാവപൂർവ്വമായി അക്കാര്യങ്ങൾ പരിശോധിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, മഴക്കാലത്ത് പെയ്യുന്ന വെള്ളം മുഴുവൻ ഇപ്പോൾ

കടലിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കോലുമാട് എന്ന പദ്ധതി പ്രാവർത്തികമാക്കാൻ; പീച്ചി ജലസംഭരണിയിൽ സംരക്ഷിക്കാൻ കഴിയുന്നയത്രയും വെള്ളം സംരക്ഷിക്കാൻ കഴിയുന്ന വളരെ ബൃഹത്തായ ഒരു പദ്ധതിയാണ്. അത് അടിയന്തരമായി ഏറ്റെടുത്ത് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ആ വിഷയം പ്രത്യേകമായി പരിശോധിക്കാം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കാൻ മുന്തിയ പരിഗണന കൊടുക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ അനുപേക്ഷണീയമായ ഒരു സംഗതിയാണത്. അതിന് ആവശ്യാനുസരണം റഗുലേറ്റർ-കം-ബ്രിഡ്ജോ വി.സി.ബി.-കം-ബ്രിഡ്ജോ അല്ലെങ്കിൽ വലിയ തടയണയോ ആവശ്യാനുസരണം പണിയുന്നതിന് പരിഗണന നൽകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കുടിവെള്ള സ്രോതസ്സുകളിൽ വെള്ളമെത്തിക്കാൻ വേണ്ടി വാട്ടർ അതോറിറ്റിയുടെ ചില പദ്ധതികളുണ്ട്. അവിടെയാണ് 62 കോടി രൂപയുടെ 15 തടയണകളെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചത്. എന്നാൽ അതൊന്നും മതിയാവുന്ന പദ്ധതികളല്ല. ഇപ്പോൾ

നമുക്കുണ്ടാവുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ കേന്ദ്ര വിഹിതം കുറഞ്ഞുകുറഞ്ഞു വരികയാണ് എന്നതാണ്. 2013-2014-ൽ 173 കോടി രൂപ കേന്ദ്ര വിഹിതമായി കിട്ടിയിടത്ത് കഴിഞ്ഞ സാമ്പത്തിക വർഷം നമുക്ക് കിട്ടിയത് 43 കോടി രൂപ മാത്രമാണ്. കേന്ദ്ര മന്ത്രി ശ്രീ. ചൗധരി ബീരേന്ദർ സിംഗിനെ പോയികണ്ട് ഞാൻ ഇക്കാര്യം സംസാരിച്ചിരുന്നു. ദേശീയതലത്തിൽ തന്നെ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിനുവേണ്ടി നീക്കിവച്ചിരുന്ന തുക കുറഞ്ഞുപോയിയെന്നും 16-ാം തീയതി തിരുവനന്തപുരത്ത് വരുമ്പോൾ വിശദമായി ചർച്ച നടത്താമെന്നുമാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇപ്പോൾ അദ്ദേഹത്തിന് ചുമതല മാറി. കേന്ദ്ര ഗവൺമെന്റ് തന്നെ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ തുക വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനം വളരെ ആശങ്കയോടുകൂടിയാണ് കാണുന്നത്. ഇത് വലിയ ഗൗരവമുള്ള വിഷയമാണ്. അതേസമയം, നമ്മുടെ പരിമിതമായ ലഭ്യത ഉപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കാനുള്ള പദ്ധതികൾക്ക് മുൻഗണനന കൊടുക്കുന്നതാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഭാരതപ്പുഴയടക്കമുള്ള പുഴകളിൽ തടയണകൾ അധികമായിപ്പോയി എന്ന രീതിയിലുള്ള സംസാരം ഇവിടെയുണ്ടായി. എന്നാൽ

ജലസേചന പദ്ധതിയോ തടയണയോ ഒന്നുമില്ലാത്ത ഒരു ജില്ലയാണ് കാസർഗോഡ് എന്ന് അങ്ങേയ്ക്കറിയാമോ? അങ്ങനെയാണെങ്കിൽ ഇത് അനുവദിച്ചുതരാൻ സന്മനസ്സ് കാണിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, 2014-ലെ ഉത്തരവുകൾ പ്രകാരം കാസർഗോഡ് ജില്ലയിൽ 8 തടയണകൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒന്നുപോലും ഉപേക്ഷിച്ചിട്ടില്ല. എട്ട് പദ്ധതികളും പുരോഗതിയിലാണ്.

## അക്കാദമികളുടെ പുനസംഘടന

(*213) ശ്രീ.പുരുഷൻ കടലുണ്ടി:

ശ്രീ.ജോൺ ഫെർണാണ്ടസ്:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക കേന്ദ്രങ്ങളായ അക്കാദമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ഭരണ സമിതികൾ അക്കാദമികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായിരുന്നില്ലെന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അരാജകത്വവും ഫാസിസ്റ്റ് പ്രവണതയും പ്രതിരോധിക്കാൻ അക്കാദമികളെ പ്രാപ്തമാക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തുമോ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി തുടങ്ങിയവയെ പുനസംഘടിപ്പിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) ഉണ്ട്. സർക്കാരിന് കീഴിലുള്ള വിവിധ അക്കാദമികളുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ അക്കാദമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഗ്രാന്റായി അനുവദിക്കുന്ന തുക നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നു എന്നുള്ളത് ഉറപ്പു വരുത്തുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മതേതര ചിന്തകൾ പ്രോത്സാഹിപ്പിക്കുക, വർഗ്ഗീയതയിൽ അധിഷ്ഠിതമായ

ഫാസിസ്റ്റ് ശക്തികളെ പ്രതിരോധിക്കുക, നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക, സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി എല്ലാവിധ അരാജകത്വ പ്രവണതകളെയും ചെറുക്കുക, പാരമ്പര്യ കലകളെ പരിപോഷിപ്പിക്കുക, സാംസ്കാരിക ഇടങ്ങളെ തിരിച്ചു പിടിക്കുക എന്നീ ലക്ഷ്യങ്ങളിലധിഷ്ഠിതമായ ഒരു സാംസ്കാരിക നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി അക്കാദമികളെയും മറ്റിതര സാംസ്കാരിക സ്ഥാപനങ്ങളെയും സജ്ജമാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകും.

(ഡി) കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി എന്നിവയുടെ പുനഃസംഘടന സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, പൊതുവെ നവ കേരളത്തിന് ചൈതന്യം പകരുന്നതാണ് സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനം. അതിനെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്നത്. മതേതര ചിന്തയും അഴിമതിയില്ലാത്ത ഭരണവും എന്നുപറയുന്നതുപോലെ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലും ഈ മനോഭാവം വേണം. മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ഭരണസമിതികൾ അക്കാദമികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായിരുന്നില്ലെന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന എന്റെ രണ്ടാമത്തെ ചോദ്യത്തിന്, ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന മറുപടിയാണ് നൽകിയത്. അത് ശ്രദ്ധയിൽപ്പെടണം. പഠന കാലത്ത് നമ്മുടെ സാംസ്കാരിക വകുപ്പുമന്ത്രി നാടകം കളിച്ചിട്ടുണ്ട്, യൂണിവേഴ്സിറ്റി മത്സരങ്ങളിൽ സമ്മാനം ലഭിച്ചിട്ടുണ്ട്. പ്രസംഗത്തിന് സമ്മാനം ലഭിച്ചിട്ടുണ്ട്. ഇതിനൊക്കെ പ്രാപ്തനായ മന്ത്രിയാണ്, അക്കാര്യത്തിൽ തർക്കമില്ല. നാടകത്തിന് സമ്മാനം നേടിയതുപോലെ സാംസ്കാരിക രംഗത്തും അദ്ദേഹം ഇടപെട്ടിരുന്നു. അദ്ദേഹത്തെ നല്ലതുപോലെ എനിക്ക് കുട്ടിക്കാലം മുതൽ അറിയാം. അദ്ദേഹം കോഴിക്കോട് നിറഞ്ഞുനിന്നിരുന്നു. പക്ഷെ, ഇപ്പോൾ മന്ത്രിയായപ്പോൾ ഇത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നുള്ള മറുപടി തന്നത് ശരിയായില്ല. അത് എഴുതികൊടുത്തതായിരിക്കും. ഏതായാലും സാംസ്കാരിക രംഗത്ത് ഇടപെടാൻ കഴിയണം. സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും സാംസ്കാരിക രംഗത്ത് ഇടപെടണം. 14 ജില്ലകളിൽ നവോത്ഥാന നായകന്മാരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ, സാംസ്കാരിക പഠനത്തിനായി സ്പെയ്സ്, സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതത്തിലുള്ള വർദ്ധനവ്, ചലച്ചിത്ര മേളകൾ നടത്താൻ സ്ഥിരം വേദി ഇതെല്ലാം ബഡ്ജറ്റിലുണ്ട്. സാഹിത്യ അക്കാദമിയും സംഗീതനാടക അക്കാദമിയും ഫോക് ലോർ അക്കാദമിയും അതേസമയത്ത് തന്നെ

പാരമ്പര്യകലകളുടെ കലാകേന്ദ്രങ്ങളാണ്. അവയെല്ലാം ഉന്നത നിലവാരം പുലർത്തുന്നവയാണ്. അതിന്റെ ഫലം ജനങ്ങൾക്ക് കിട്ടണം. കേരള സാഹിത്യ അക്കാദമിയുടേയും മറ്റ് സാംസ്കാരിക കേന്ദ്രങ്ങളുടേയും പുന:സംഘടന എത്രയും പെട്ടെന്ന് നടത്തുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അക്കാദമികളുടെ പുന:സംഘടന നടന്നുകൊണ്ടിരിക്കുകയാണ്. സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി, ചലച്ചിത്ര അക്കാദമി തുടങ്ങി ഒമ്പത് അക്കാദമികളാണ് പ്രധാനമായും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ളത്. അതിൽ വളരെ പ്രാധാന്യം ഈ അക്കാദമികൾക്ക് ഗവൺമെന്റ് കൊടുക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്, കേരള സാഹിത്യ അക്കാദമിക്കും സംഗീതനാടക അക്കാദമിക്കും ലളിതകല അക്കാദമിക്കും ഫോക് ലോർ അക്കാദമിക്കും നിലവിൽ 18 കോടി രൂപയുണ്ടായിരുന്നത് 27 കോടി രൂപയായി വർദ്ധിപ്പിച്ചത്. ചലച്ചിത്ര അക്കാദമിക്ക് ഏറ്റവും നല്ല പ്രാധാന്യമാണ് കൊടുത്തത്. ഇതിന്റെ നേതൃത്വത്തിൽ നടക്കുന്നതാണ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ. ഒരു തീയറ്റർ കോംപ്ലക്സിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 50 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത

ഇടപെടലാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് സാംസ്കാരിക രംഗത്ത് നടത്തുന്നത് എന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവാണ് സാംസ്കാരിക രംഗം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഏറ്റവും ഫലപ്രദമായ ഒരു കമ്മിറ്റിക്ക് ഗവൺമെന്റ് രൂപം കൊടുക്കും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പതിനായിരത്തിലേറെ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തത് സാഹിത്യ അക്കാദമിയിലുണ്ട്. ആ ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തിയതുകൊണ്ട് പുസ്തകങ്ങളെക്കുറിച്ചും സാഹിത്യ കാരന്മാരെക്കുറിച്ചുമുള്ള വളരെ വ്യക്തമായ ധാരണ ലോകത്ത് എവിടെയുമുള്ള ജനങ്ങൾക്കും ഏതൊരു പഠിതാവിനും ലഭിക്കും. അവിടെ 71 സ്ഥിരം ഗവേഷകരും 470-ൽ അധികം ആളുകളും വരുന്നുണ്ട്. പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ കഴിഞ്ഞത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അതുകൊണ്ട് അതിന് കൂടുതൽ പണം അനുവദിച്ചുകൊണ്ട് ഇന്റർനാഷണൽ ലെവലിലേയ്ക്ക് ഉയർത്തുന്ന തരത്തിൽ വളർത്താൻ കഴിയുമോ; പുസ്കങ്ങൾ കൂടുതൽ അച്ചടിച്ച് കൂട്ടിയിടുന്നതിനുപകരം ഡിജിറ്റലൈസ് സംവിധാനത്തോട് കൂടിയുള്ള പത്ത് പുസ്കങ്ങൾ അവിടെ സൂക്ഷിക്കുന്ന തരത്തിലേയ്ക്ക് മാറ്റുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഭാഷയുടെയും അതുപോലെതന്നെ

സാഹിത്യത്തിന്റെയും പരിപോഷണമാണ് അക്കാദമിയുടെ പ്രധാനപ്പെട്ട പ്രവർത്തനമേഖല. അക്കാദമി നിരവധി പുസ്തകങ്ങളും ഗവേഷണങ്ങളും ജേർണലുകളും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കികൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡിജിറ്റൽ റിസോഴ്സ് സെന്ററിന് ഇപ്പോൾ രണ്ട് കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ഡിജിറ്റലൈസേഷൻ യാഥാർത്ഥ്യമാകാൻ പോവുകയാണ്. ഇപ്പോൾ ഏതാണ്ട് 1000-ത്തോളം പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഏറ്റവും നല്ല ഒരു സംവിധാനം ഇതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമിയിൽ ഒരുക്കുന്നതായിരിക്കും.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, അങ്ങ് ഇവിടെ നൽകിയ മറുപടിയിൽ ഗ്രാന്റായി അനുവദിക്കുന്ന തുക നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്കുമാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്ന് പറഞ്ഞു. അങ്ങനെയല്ല കഴിഞ്ഞ അഞ്ചുവർഷത്തെ അനുഭവം. കഴിഞ്ഞ അഞ്ചുവർഷം സാംസ്കാരിക മേഖലയിൽ നടത്തിയ പല പദ്ധതി പ്രവർത്തനങ്ങളും അതിന്റെ ലക്ഷ്യത്തിലേയ്ക്ക് എത്തിയിട്ടില്ലെന്ന് മാത്രമല്ല പലതും അബദ്ധപഞ്ചാംഗമായിരുന്നുവെന്ന് കാണാൻ കഴിയും. രണ്ട് ഉദാഹരണങ്ങൾ പറയാം. ഒന്ന്, സാഹിത്യ അക്കാദമി ഈ അടുത്ത

കാലത്ത് പ്രസിദ്ധീകരിച്ച മലയാള സാഹിത്യ ചരിത്രത്തിൽ, കേരളത്തിലെ എണ്ണപ്പെട്ട രണ്ട് പ്രമുഖ സാഹിത്യകാരന്മാരെക്കുറിച്ച് ഒരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. രണ്ടാമത്, ലളിതകലാ അക്കാദമിയുടെ സഞ്ചരിക്കുന്ന ചിത്രശാലയുണ്ട്. ആ സഞ്ചരിക്കുന്ന ചിത്രശാലയ്ക്ക് ലക്ഷക്കണക്കിന് രൂപ മുതൽമുടക്കിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി സഞ്ചരിക്കുന്ന ചിത്രശാല എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിന് മുന്നിലുള്ള ഗാലറിയുടെ മുന്നിൽ വെറുതെ കിടക്കുകയാണ്.അത് ബുക്ക്മാർക്കിന്റെ പുസ്തകശാലയാണെങ്കിലും ഇതുപോലെ കുറേയേറെ മോശപ്പെട്ട പ്രവണതയുണ്ട്. ഇതെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഈ പറയുന്ന രൂപത്തിലുള്ള കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം എഴുതി തന്നാൽ ഇക്കാര്യം പരിശോധിക്കാം. എന്തിനും പഴയ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന നയം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല. ഉള്ള കാര്യങ്ങൾ ഉള്ളതുപോലെ മാത്രമേ പറയാൻ പറ്റൂ.

<u>ശ്രീ. എം. മുകേഷ്</u> : സർ, അന്താരാഷ്ട്ര ചലച്ചിത്രോത്സവം എല്ലാ വർഷവും ഡിസംബർ മാസത്തിലാണ് നടത്തുന്നത്. ഇതിന്റെ തുടർച്ചയായാണ് അന്താരാഷ്ട്ര

നാടകോത്സവം മുൻകാലങ്ങളിൽ സംഘടിപ്പിച്ചിരുന്നത്. എന്നാൽ സമീപ വർഷങ്ങളിൽ വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ കൃത്യമായി ടൈം ഷെഡ്യൂൾ ഇല്ലാതെയാണ് നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നത്. ഇത് നാടകോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിന് തടസ്സം നിന്നിട്ടുണ്ട്. ലോകോത്തരമായിട്ടുള്ള പല നാടകങ്ങളും കൊണ്ടുവരാൻ സാധിക്കുന്നില്ല. നാടകോത്സവങ്ങൾ കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നതുതന്നെ കേരളത്തിലുള്ള നാടക പ്രവർത്തകർക്ക് ലോകത്തിൽ നടക്കുന്ന നാടകത്തിന്റെ വളർച്ചയും പരീക്ഷണങ്ങളും മനസ്സിലാക്കുക എന്നുള്ളതാണ്. അതുകൊണ്ടുതന്നെ നല്ല നാടകങ്ങൾ വരുന്നില്ല. ഈ സാഹചര്യത്തിൽ വേണ്ടത്ര മുന്നൊരുക്കത്തോടെ കൃത്യമായി ടൈം ഷെഡ്യൂൾ നിശ്ചയിച്ച് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മാതൃകയിൽ നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. അന്തർദേശീയ ഫിലിം ഫെസ്റ്റിവൽ പോലെ അന്തർദേശീയ നാടകോത്സവം നടക്കാറില്ല. വേണ്ട രൂപത്തിലുള്ള പ്രാധാന്യം ആ മേഖലയ്ക്ക് കൊടുക്കുന്നില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നാടകോത്സവം അന്തർദേശീയ ഫിലിം

ഫെസ്റ്റിവൽ പോലെ തന്നെ വളർത്തിയെടുക്കുന്നതിനുള്ള നടപടിക്ക് ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നതായിരിക്കും.

<u>ഡോ. എൻ. ജയരാജ്</u> : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ് 'സുവർണ്ണം 2015' എന്ന പേരിൽ കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഏറ്റവും വലിയ കൂട്ടായ്മ ഒരുപക്ഷെ കേരള ചരിത്രത്തിൽ ആദ്യമായി ഉണ്ടായത്. ഫോക് ലോർ അക്കാദമിയുടെ എക്സിക്യൂട്ടീവ് അംഗമായി കഴിഞ്ഞ അഞ്ചുവർഷക്കാലം ഞാൻ പ്രവർത്തിച്ചതാണ്. ഫോക് ലോർ അക്കാദമിയെ കേരളത്തിലെ സാധാരണക്കാരിലേയ്ക്ക് എത്തിക്കാൻ ഒത്തിരി പ്രവർത്തനം നടത്തിയതാണ്. ഒരേ പ്രവൃത്തി തന്നെ പല സ്ഥാപനങ്ങളും ചെയ്യുന്നുവെന്നുള്ളതാണ് പല അക്കാദമികളുടെയും പ്രശ്നം. സാഹിത്യ അക്കാദമി, മലയാളം സർവ്വകലാശാല പുസ്തകങ്ങൾ ഇറക്കുന്നുണ്ട്. അതുകൊണ്ട് ഇതിനൊരു ഏകീകൃത രീതി ഈ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ കാര്യത്തിൽ കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്. ഫോക് ലോർ അക്കാദമി ഫോക് ലോറിനെക്കുറിച്ച് പുസ്കങ്ങൾ ഇറക്കുന്നുണ്ട്. സാഹിത്യ അക്കാദമി അതേ പുസ്തകം അല്ലെങ്കിൽ സമാന സ്വഭാവത്തിലുള്ള പുസ്തകം തന്നെ ഇറക്കുന്നുണ്ട്. അതിന് ഒരു ഏകീകൃത സ്വഭാവമില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അങ്ങനെ ഏകീകൃത

സ്വഭാവം സാംസ്കാരിക പ്രവർത്തനങ്ങളുടെ കാര്യത്തിൽ, സാംസ്കാരിക സമിതികളുടെ കാര്യത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ബാലൻ: സർ, 1982-ൽ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പായിട്ടാണ് ഈ വകുപ്പ് ആദ്യം രൂപം കൊള്ളുന്നത്. പിന്നീടാണ് അതൊരു സാംസ്കാരിക ഡയറക്ടറേറ്റ് ആകുന്നത്. ഈ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ സാഹിത്യ അക്കാദമിയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമാണ് നടത്തേണ്ടത്. ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, ഫോക്‌ലോർ അക്കാദമിയും ലളിതകലാ അക്കാദമിയും സംഗീത നാടക അക്കാദമിയുമെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രസിദ്ധീകരണത്തിന്റെ ചുമതല ഒരു ഏജൻസിക്ക് കൊടുക്കുന്നതായിരിക്കില്ലേ നല്ലത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളാ ഫോക്‌ലോർ അക്കാദമി വളരെ പ്രധാനപ്പെട്ടതാണ്. കണ്ണൂരാണ് അതിന്റെ ആസ്ഥാനം. നമ്മുടെ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, അതിന്റെ എക്സിസ്റ്റൻസ് ഉറപ്പുവരുത്തുക, കേരളത്തിൽ ഫോക്‌ലോറിന്റെ പ്രവർത്തനങ്ങളും അതിന്റെ വിവിധ

വിഭാഗങ്ങളും കണ്ടെത്തുക, നാടൻ കലകളെ ജനമനസ്സുകളിൽ എത്തിക്കുക എന്നിവയാണ് ഫോക്‌ലോർ അക്കാദമിയുടെ ലക്ഷ്യങ്ങൾ. ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു അക്കാദമിയാണിത്. ഒരു വർഷം 46 പുരസ്കാരങ്ങളാണ് അവർ കൊടുക്കുന്നത്. അതുപോലെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവ പുരസ്കാരം എന്നിവയും കൊടുക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം ഞാൻ വിലയിരുത്തിയതാണ്. അത് നന്നായി പ്രവർത്തിക്കുന്നുണ്ട്. അതിനെ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കും. നേരത്തെ പറഞ്ഞതുപോലെ പ്രസിദ്ധീകരണ പ്രവർത്തനങ്ങളുടെ ചുമതല ഒരു ഏജൻസിയെ ഏൽപ്പിക്കുന്നതിനെ സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, സാംസ്കാരിക കാര്യങ്ങൾക്ക് താല്പര്യം കൊടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അത് വളരെ നല്ല കാര്യമാണ്. നവോത്ഥാന നായകന്മാരെയും സാഹിത്യകാരന്മാരെയും ആദരിക്കാനുള്ള ചില പരിപാടികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നിലനിൽക്കുന്നു. അതിൽ മഹാകവി കുഞ്ചൻനമ്പ്യാരെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. അതിന് എന്തെങ്കിലും കാരണമുണ്ടോ? ഓട്ടൻതുള്ളൽ പ്രചരിപ്പിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ പേരിലുള്ള ഒരു കേന്ദ്രം ബഹുമാനപ്പെട്ട

മന്ത്രിയുടെ ജില്ലയിൽ തന്നെയുണ്ട്. അത് സാമ്പത്തികമായി പരാധീനത അനുഭവിക്കുന്നു. അതിന് പ്രത്യേകമായി എന്തെങ്കിലും സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, കുഞ്ചൻനമ്പ്യാർ സ്മാരകമുള്ള സ്ഥലങ്ങളിലെല്ലാം അതിനെ ശക്തമായി പരിപോഷിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുക. ഫലിത രസികനും തുള്ളൽ പ്രസ്ഥാനത്തിന്റെ ജനയിതാവുമായ കുഞ്ചൻനമ്പ്യാരെ ആർക്കും മറക്കാൻ കഴിയില്ല. സാംസ്കാരിക വകുപ്പിൽ നിന്നോ ഗവൺമെന്റിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള അപാകത ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: അദ്ദേഹം ലക്കിടിയിലെ കാര്യമാണ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, ലക്കിടിയിലെ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന് ഈ ബഡ്ജറ്റ് വരുന്നതിനുമുമ്പുതന്നെ 25 ലക്ഷം രൂപ ഞാൻ സാങ്ഷനാക്കിയിട്ടുണ്ട്. എവിടെയാണ് തുക കുറവുള്ളതെന്ന് സൂചിപ്പിച്ചാൽ അത് പരിഹരിക്കും.

ശ്രീ. കെ. രാജൻ: സർ, മലയാളിയുടെ മാതൃഭൂമി കണ്ട ഏറ്റവും ശക്തനായ

ധിഷണാശാലിയും പ്രഭാഷകനും എഴുത്തുകാരനുമൊക്കെയായിരുന്ന ഡോ. സുകുമാർ അഴീക്കോട്. അദ്ദേഹത്തിന്റെ വസതി കേരളത്തിലെ ഗവൺമെന്റ് ഔപചാരികമായി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ ബഡ്ജറ്റിന്റെ സമാപന പ്രസംഗത്തിൽ സുകുമാർ അഴീക്കോടിന്റെ ട്രസ്റ്റിനുവേണ്ടി 50 ലക്ഷം രൂപ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അനുവദിക്കുകയും ചെയ്തു. ഇപ്പോൾ സാഹിത്യ അക്കാദമിയുടെ കീഴിൽ ഒരു ചെറിയ ഡിവിഷനായി അതിനെ കാണുകയും വളരെ ബോറനായ ഒരു കെയർടേക്കറെ വച്ച് നടത്തുകയും ചെയ്യുന്ന ഒരു സംവിധാനമാണ് ഇപ്പോൾ അവിടെയുള്ളത്. ഇപ്പോൾ അവിടെ ട്രസ്റ്റ്, ഫൗണ്ടേഷൻ എന്ന പേരിൽ പല സ്വകാര്യ സ്ഥാപനങ്ങളുമുണ്ട്. കേരളത്തിലെ ഗവൺമെന്റും സാംസ്കാരിക വകുപ്പും ഔപചാരികമായി ഡോ. സുകുമാർ അഴീക്കോടിന്റെ വീട് ഏറ്റെടുത്ത സാഹചര്യത്തിൽ ഒരു പ്രത്യേക ട്രസ്റ്റ് രൂപീകരിച്ച് അതിന്റെ വികസന പ്രവർത്തനങ്ങൾക്കും കേരളത്തിലെ ജനങ്ങൾക്ക് സുകുമാർ അഴീക്കോട് എന്ന വലിയ മനുഷ്യനെ അറിയാനുമുള്ള സംവിധാനങ്ങൾക്ക് അവസരം ഒരുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സുകുമാർ അഴീക്കോടിന്റെ പേരിൽ ഒരു ട്രസ്റ്റ് നിലവിലുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് 50 ലക്ഷം രൂപ

കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പുതിയ ഒരു ട്രസ്റ്റിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. എ. പി. അനിൽകുമാർ: സർ, സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കേരളം ഇതര സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാണ്. കേരളത്തെപ്പോലെ കലാരൂപങ്ങളുള്ള സംസ്ഥാനങ്ങൾ വളരെ കുറവാണ്. ആ കലാരൂപങ്ങളൊക്കെ പലതും നിലനിൽക്കുന്നത് കലാകാരന്മാർക്ക് ആ കലാരൂപത്തോടുള്ള താല്പര്യവും പ്രതിബദ്ധതയും കൊണ്ടാണ്. അത്തരം കലാകാരന്മാർ ഇന്ന് ജീവിക്കാൻ വളരെയേറെ ബുദ്ധിമുട്ടുന്ന സാഹചര്യമാണ്. അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കാൻ വർഷത്തിൽ ഒന്നോ രണ്ടോ അവസരങ്ങളാണ് ലഭ്യമാകുന്നത്. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും മാറി മാറി വരുന്ന ഗവൺമെന്റുകൾ അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന സഹായം വളരെ പരിമിതമാണ്. അവരുടെ പെൻഷൻ തന്നെ 1000 രൂപവരെ മാത്രമെ ആയിട്ടുള്ളൂ. കലാരൂപത്തോട് ഏറ്റവും കൂടുതൽ താല്പര്യമുള്ള അത്തരം കലാകാരന്മാർക്ക് അനുവദിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുക മാത്രമല്ല ഈ കലാകാരന്മാർക്ക് കൊടുക്കുന്ന പെൻഷന്റെ എണ്ണവും ലിമിറ്റ് ചെയ്തിരിക്കുകയാണ്. ആദ്യം അത് 500

ആയിരുന്നു. പിന്നീട് അത് 700 ആയി. ഇപ്പോൾ അത് 1500 ആയി ലിമിറ്റ് ചെയ്തിരിക്കുകയാണ്. അത് ലിമിറ്റ് ചെയ്യാതെ അത്തരം കലാകാരന്മാർ എത്രയുണ്ടോ അവർക്ക് മുഴുവൻ പെൻഷൻ അനുവദിക്കാനും അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇത് ശരിയാണ്. അന്യം നിന്നുപോകുന്ന ഒട്ടേറെ ഗ്രാമീണ കലകൾ നമ്മുടെ നാട്ടിലുണ്ട്. പണ്ടൊക്കെ കോൽ കളി, പൂരക്കളി, കഥാപ്രസംഗം തുടങ്ങി നിരവധി കലകളുണ്ടായിരുന്നു. ഇപ്പോൾ ഇതൊന്നുമില്ല. ഇതിനെയൊക്കെ തിരിച്ചുകൊണ്ടുവരണം. അതിന്റെ ഭാഗമായി ഈ മേഖലയ്ക്ക് നല്ല പ്രാധാന്യവും ഗവണ്മെന്റ് കൊടുക്കുകയാണ്. ഇത് പ്രോത്സാഹിപ്പിക്കപ്പെടണമെങ്കിൽ കലാകാരന്മാർക്ക് ജീവിക്കാനാവശ്യമായ സാമ്പത്തിക സഹായവുംകൂടി ചെയ്തുകൊടുത്തേ മതിയാകൂ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ 750 രൂപയായിരുന്നു പെൻഷൻ. ഈ ഗവൺമെന്റ് അത് 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വരുന്നതിനുമുമ്പ് 500 രൂപയായിരുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതെ. 500 രൂപ നിങ്ങൾ 750

രൂപയാക്കി. 50 ശതമാനം വർദ്ധനവ്. ഞങ്ങൾ 750 രൂപ 1500 രൂപയാക്കി. 100 ശതമാനം വർദ്ധനവ്. 50 ശതമാനത്തിന്റെയും 100 ശതമാനത്തിന്റെയും വർദ്ധനവ് നിങ്ങളും ഞങ്ങളും തമ്മിൽ ഉണ്ടെന്നുള്ളത് മനസ്സിലാക്കുക. ഇവിടെ പറഞ്ഞതുപോലെ കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കലാകാരന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട് അവർക്ക് പ്രത്യേകമായുള്ള ചില സംവിധാനങ്ങളെ സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇനിയും ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അടുത്ത ചോദ്യം സഭയിൽ വരേണ്ടതാണ്. അതുകൊണ്ട് അടുത്ത ചോദ്യം എടുക്കാം.

## ഗോത്രവർഗ്ഗ ക്ഷേമം

(*214) ശ്രീ. ഒ. ആർ. കേളു:

ശ്രീ. രാജു എബ്രഹാം:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികളായ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാരുടെ ഇടയിലുള്ള പോഷകാഹാരക്കുറവും ദാരിദ്ര്യവും അതുമൂലമുണ്ടാകുന്ന രോഗാവസ്ഥയും പരിഹരിക്കുന്നതിനായി അവർക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ;

(സി) തീഷ്ണമായ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന എല്ലാ സെറ്റിൽമെന്റുകളിലും കമ്മ്യൂണിറ്റി കിച്ചണുകളിലും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) വനവാസികളായ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം

നൽകുന്നതാണ്.

(ബി) വനവാസികളായ പട്ടിക വിഭാഗക്കാരുടെ ഇടയിലുള്ള പോഷകാഹാരക്കുറവും ദാരിദ്ര്യവും രോഗാവസ്ഥയും പരിഹരിക്കുന്നതിനായി ഭക്ഷ്യവിതരണ സഹായ പദ്ധതിയും പോഷകാഹാര വിതരണവും നടപ്പിലാക്കിവരുന്നു. 2016-17 വർഷം ഈ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (മുൻ വർഷം 5 കോടി രൂപ വകയിരുത്തി).

(സി) തീഷ്ണമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ട അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ കുറവ് നിമിത്തം ഈ പ്രവർത്തനം ഭാഗികമായിരുന്നതിനാൽ 3 കോടി രൂപ ഇപ്പോൾ അനുവദിച്ചു. അട്ടപ്പാടിയിലെ 3 പഞ്ചായത്തുകളിലും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. രോഗിയുടെ കൂടെ നിൽക്കുന്ന സഹായിക്ക് നൽകേണ്ട പണം കൊടുക്കാൻ കഴിയാത്തതിന്റെ ഭാഗമായി ഈ പ്രവർത്തനവും ഫലപ്രദമല്ല. പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെടുന്ന മറ്റ് മേഖലകളിലും കമ്മ്യൂണിറ്റി കിച്ചൺ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. നിലവിൽ അട്ടപ്പാടിയിലെ 186

ഊരുകളിൽ 59 കമ്മ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിക്കുന്നത്. എല്ലാ ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, കേരളത്തിലെ വനാന്തരങ്ങളിൽ നൂറുകണക്കിന് ആദിവാസികളാണ് താമസിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ ഡെവലപ്മെന്റിനുവേണ്ടി നിലവിൽ എഫ്.ആർ.സി. പോലെയുള്ള കമ്മിറ്റികളൊക്കെ ഉണ്ടെങ്കിലും കസ്തൂരി രംഗൻ റിപ്പോർട്ട് പോലെയുള്ള നിയമങ്ങൾ വന്നതുകാരണം അവരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വനാന്തരങ്ങളിൽ നിന്ന് അവരെ മാറ്റി പാർപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ പ്രൊട്ടക്ഷൻ ഉറപ്പുവരുത്തുന്നതാണ് 2006-ലെ കേന്ദ്ര വനാവകാശ നിയമം (Scheduled Tribes and Traditional Dwellers Act). അതിന്റെ ഭാഗമായി 26600 (ഇരുപത്തി ആറായിരത്തി അറുന്നൂറ്) ആദിവാസികൾക്ക് വനാന്തരങ്ങളിൽ താമസിക്കുന്നതിനുള്ള ആർ.ഒ.ആർ.

കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തതാണ്. അവരെ അവിടെനിന്നും മാറ്റിതാമസിപ്പിക്കേണ്ട ഒരു പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയൊരു ആവശ്യം വരുന്നില്ല. മാത്രമല്ല അത് ശരിയുമല്ല. അവിടെ താമസിക്കുന്ന ആദിവാസികളുടെ വീട്, വെള്ളം, വെളിച്ചം, അവരുടെ തൊഴിൽ എന്നിവ സംരക്ഷിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പഞ്ഞമാസങ്ങളിൽ ആദിവാസി വിഭാഗങ്ങൾക്ക് പട്ടിണി മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ നാല് മാസങ്ങളിലായിട്ടാണ് എല്ലാ ആദിവാസികൾക്കും സൗജന്യമായി ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. ഏതാണ്ട് ഒരു ലക്ഷത്തി അയ്യായിരത്തോളം വരുന്ന ആദിവാസി കുടുംബങ്ങളിൽ 83013 (എൺപത്തി മൂവായിരത്തി പതിമൂന്ന്) കുടുംബങ്ങൾക്ക് ഇപ്പോൾ കിറ്റ് വിതരണം നടത്തിക്കഴിഞ്ഞു. അതിൽ പ്രാക്തന ഗോത്ര വിഭാഗത്തിനാണ്

കൂടുതൽ കൊടുക്കുക. അവർക്ക് അരി - 25 കിലോ, പയർ - 1 കിലോ, കടല – 1 കിലോ, ശർക്കര – 1 കിലോ, വെളിച്ചെണ്ണ – ½ കിലോ, ഉപ്പ് - 1 കിലോ, മുളക് - ½ കിലോ. പ്രാക്തന ഗോത്ര വിഭാഗക്കാരല്ലാത്ത ആദിവാസികൾക്ക് അരി - 15 കിലോ, പയർ - 1 കിലോ, കടല – 1 കിലോ, ശർക്കര – ½ കിലോ. ഇത് പഴയതിനേക്കാളും ഇരട്ടിയാണ് കൊടുക്കുന്നത്. ഇത് എല്ലാ വീടുകളിലും എത്തിക്കണമെന്ന് എല്ലാ പ്രോജക്ട് ഓഫീസർമാർക്കും ടി.ഡി.ഒ. മാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ പഞ്ഞമാസങ്ങളിൽ എല്ലാ ആദിവാസി കുടുംബങ്ങളിലും ഇത് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.